പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6070 — 19/11/2019 ൽ മറുപടിക്ക്

## തിരുവല്ലം ക്ഷേത്രവികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ലം ക്ഷേത്രത്തിന്റെ വികസനത്തിനും ബലിതർപ്പണം ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനായി വകയിരിത്തിയിരിക്കുന്ന തുക എത്രയെന്ന് അറിയിക്കുമോ? | (എ) | ക്ഷേത്രത്തിന്റെ വികസനം മുന്നിൽ കണ്ടുകൊണ്ട്, ക്ഷേത്രത്തിനോടടുത്തുള്ള ഭൂമി വാങ്ങുന്നതിനു തിരുവനന്തപുരം ജില്ല കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.<br>ക്ഷേത്രവികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ രൂപരേഖയാകുന്ന മുറക്കേ തുക നിർണ്ണയിക്കാൻ കഴിയുകയുള്ളു. |
| (ബി) | പ്രധാന നദിയുടെ തീരത്ത് ബലിതർപ്പണം നടത്തുവാൻ വരുന്ന ഭക്തർക്ക് ശുദ്ധജലത്തിൽ കുളിക്കുന്നതിനും ബലിതർപ്പണം ചെയ്യുന്നതിനുമായി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ബി) | എല്ലാ വർഷവും കർക്കിടകവാവിന് ബലിതർപ്പണം നടത്തുന്ന ഭക്തർക്ക് ജലസേചന വകുപ്പിന്റെ സഹായത്താൽ നദിയിൽ തടയണ നിർമിച്ച് മുങ്ങികുളിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ